പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറും ലംപ്സം ഗ്രാൻറും

* 879. [21] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറ്, ലംപ്സം ഗ്രാൻറ് എന്നിവ അനുവദിച്ചുവരുന്നുണ്ടോ;

(ബി) തലശ്ശേരി ടെയിനിംഗ് കോളേജിലെ എത്ര വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് 1961, 1962, 1963 കൊല്ലങ്ങളിൽ ഇവ അനുവദിച്ചിട്ടുണ്ട്;

(സി) ആക്കൊക്കെ;

(ഡി) പിന്നോക്കസമുദായത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുണ്ടോ; ആക്കൊക്കെ;

(ഈ) ഇതിൽ വല്ലവരും സ്റ്റൈപ്പൻറ്, ഗ്രാൻറ് മുതലായവയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(എഫ്) വല്ലവരിൽനിന്നും ബോണ്ട് എഴുതിവാങ്ങിയിട്ടുണ്ടോ;

(ജി) തലശ്ശേരി ടെയിനിംഗ് കോളേജിൽനിന്നും കെ. രാധ എന്ന വിദ്യാർത്ഥിനിക്ക് അനുവദിച്ച സ്റ്റൈപ്പൻറ്, ഗ്രാൻറ് മുതലായവ മടക്കി അടയ്ക്കാൻ കല്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(എച്ച്) ഈ കല്പന ഹരിജൻവെൽഫെയർ ഡയറക്ടറുടെ ബി. 4 2685/59 ഡേറ്റഡ് 18–3–1959 നമ്പർ കല്പനയ്ക്ക് വിരുദ്ധമാണോ;

(ഐ) മടക്കി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കാനുള്ള വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഉണ്ട്.

(ബി) മൂന്ന വിദ്യാർത്ഥിനികൾക്ക്.

(സി) 1961–'62-ൽ കെ. രാധ എന്ന വിദ്യാർത്ഥിനിക്കും, 1962–63-ൽ പി. വി. വനജ, കെ. ശാന്ത എന്നീ വിദ്യാർത്ഥിനികൾക്കുമാണ് അനുവദിച്ചത്.

(ഡി) ഇല്ല.

(ഈ) ഇല്ല.

(എഫ്) ഇല്ല.

(ജി) കെ. രാധ എന്ന വിദ്യാർത്ഥിനിക്ക് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നും ടെയിനിംഗ് കാലത്തേക്ക് ശമ്പളവും അലവൻസും കൊടുത്തിരുന്നതിനാൽ പ്രസ്തുത വിദ്യാർത്ഥിനിക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്ന് പ്രതിമാസ സ്റ്റൈപ്പൻറും, ലംപ്സംഗ്രാൻറും ലഭിക്കുവാൻ അർഹതയില്ലായിരുന്നു. എന്നാൽ ശമ്പളവും അലവൻസും കിട്ടിയിരുന്ന വിവരം പ്രസ്തുത വിദ്യാർത്ഥിനി ബന്ധപ്പെട്ട അധികാരികളെ അറിയിക്കാതിരുന്നതുകൊണ്ട് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുവാനിടയായ ലംപ്സംഗ്രാൻറിനേറെയും, പ്രതിമാസ സ്റ്റൈപ്പൻറിനേറെയും തുക മടക്കി അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) ഡയറക്ടർ 18–3–59–ന്ന പുറപ്പെടുവിച്ച കല്പനപ്രകാരം ആ കാലത്തേക്ക് സ്റ്റൈപ്പൻറും എൽ. എസ്. ഗ്രാൻറും കൊടുക്കാമായിരുന്നു. പക്ഷെ അതിനുശേഷം ഉണ്ടായ ഗവൺമെൻറ് കല്പനപ്രകാരം അങ്ങനെ കൊടുക്കുന്ന സ്റ്റൈപ്പൻറും മറ്റും നിറുത്തൽ ചെയ്തു.

(ഐ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ വിദ്യാർത്ഥിനി ആവശ്യപ്പെടുകയോ, എന്തെങ്കിലും നിബന്ധന എഴുതിക്കൊടുക്കുകയോ ചെയ്യാതെ കൊടുത്തതു് എന്തിനു് ആ വിദ്യാർത്ഥി മടക്കിക്കൊടുക്കണം ?

ശ്രീ. കെ. കുഞ്ഞമ്പു: 16-4-59-ലാണു് കല്പനയുണ്ടായതു്. അതിനു ശേഷം, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ടെയിനിംഗിനു് അയയ്ക്കുന്ന വിദ്യാർത്ഥികൾക്കു് പ്രതിമാസ അലവൻസും ശമ്പളവും കിട്ടുകയാണെങ്കിൽ, ഹരിജൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ലംപ് സംഗ്രാൻറു് കൊടുക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടു്. അതു അറിയാതെയാണു് ഡിസ്ട്രിക്ടു വെൽഫെയർ ആഫീസർ നടപടി സ്വീകരിച്ചതു്. എന്നിരുന്നാലും ഇതു് ഇളവുചെയ്തു തരണമെന്നു് നിവേദനം ലഭിച്ചിട്ടുള്ളതു് പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. ആർ. വിജയൻ: പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ പട്ടികവർഗ്ഗക്കാർ ആണെന്നുള്ള തരത്തിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റു് ഹാജരാക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു: 1957-58-ൽഇങ്ങനെയൊരു സംഭവം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ചില എം. എൽ. എ. മാർ പട്ടിക ജാതിയിൽപ്പെട്ടവർക്കു് പട്ടികവർഗ്ഗമെന്നു് സർട്ടിഫിക്കറ്റു കൊടുത്തതു് കണ്ടു പിടിക്കപ്പെട്ടിട്ടുണ്ടു്.

വില്ലേജു് കോർട്ടു് ആക്ടു്.

* 880. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള Village Court Act നടപ്പിൽവരുത്താത്തതെന്തുകൊണ്ടാണു് ;

(ബി) മദ്രാസു് പഞ്ചായത്തു് നിയമം റദ്ദായതോടുകൂടി മലബാർ പ്രദേശത്തെ പഞ്ചായത്തു കോടതികളും നിലവിലില്ലെന്നും, അത്തരം കോടതികളിൽ നിലവിലുണ്ടായിരുന്ന കേസുകളും പല സ്ഥലത്തും ഇതേവരെ വിചാരണയ്ക്കെടുക്കാൻ യാതൊരു നിർദ്ദേശവും കൊടുക്കാത്തതുകൊണ്ടു് കെട്ടിക്കിടക്കുകയാണെന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും നിലവിലില്ലാതിരുന്നതിനാൽ, ആക്ടു് നടപ്പിലാക്കാൻ സാധിച്ചില്ല.

(ബി) തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും 1-1-1964-ൽ നിലവിൽ വന്നിട്ടുള്ളതിനാൽ കഴിയുന്നവേഗം ആക്ടു് നടപ്പിലാക്കാൻ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. കേസുകളും വിചാരണക്കെടുക്കാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: ഇന്നലെയും ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു ഉത്തരം പറഞ്ഞു. മലബാറിലെ പല പ്രദേശങ്ങളിലും മദ്രാസു് നിയമം പോയതോടുകൂടി കേസുകളും വിചാരണക്കെടുക്കാൻ യാതൊരു നിർദ്ദേശവും ഇതുവരെ കൊടുത്തിട്ടില്ലെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനു വേണ്ടി ഞാൻ പറയുകയാണു്. ഗവണ്മെൻറിൻെറ അപേക്ഷയനുസരിച്ചു് ഹൈക്കോർട്ടു രജിസ്ട്രാർ, കോഴിക്കോടു്, പാലക്കാടു് തലശ്ശേരി ഡിസ്ട്രിക്ടുകളിലെ ഡിസ്ട്രിക്ടു് മജിസ്ട്രേറ്റന്മാർ, വില്ലേജു് കോർട്ടുകളിലെ ക്രിമിനൽ കേസുകളും വിചാരണചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടു്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly